1. ഒറ്റൂർ പഞ്ചായത്തിലെ ഇറിഞ്ചാംകുന്നത്ത് വാതിക്കൽ പുനരുദ്ധാരണപണികൾ

2. വെട്ടൂർ മാടൻനട തോടിന്റെ പുനരുദ്ധാരണ പണികൾ

3. ചെമ്മരുതി പഞ്ചായത്തിലെ മുത്താന ഏലാതോടിന്റെ പുനരുദ്ധാരണപണികൾ

4. ഇലകമൺ പഞ്ചയത്തിലെ സങ്കേതം ഏലാതോടിന്റെ കൊച്ചാറിന് താഴെ ഒരു ഫുട് ബ്രിഡ്ജിന്റെ പണി.

(1850) വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ; അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കുറവുകൾ പദ്ധതിയുടെ പ്രവർത്തനത്തേയും ജലവിതരണത്തേയും സാരമായി ബാധിക്കുന്നുണ്ടോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ എഞ്ചിനീയറിംഗ് ബിരുദധാരികൾ ഡ്രാഫ്റ്റ്സ്മാൻ, ക്ലാർക്ക് മുതലായ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ജീവനക്കാരെ താൽക്കാലിക നിയമനം നടത്തി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമനം നടത്താനാകുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിൽ ദീർഘകാലമായി പ്രൊമോഷൻ ലഭിക്കാതെ ജോലി ചെയ്യുന്ന എഞ്ചിനീയറിംഗ് ബിരുദധാരികൾ ഉണ്ടോ; ഈ ജീവനക്കാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമനം നടത്താൻ കഴിയുമോ;

(ഡി) എഞ്ചിനീയറിംഗ് ബിരുദധാരികളായ ജീവനക്കാരേയും സീനിയർ ഡ്രാഫ്റ്റ്സ്മാൻമാരേയും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നതിന് നടപടിയെടുക്കുമോ?

ഉത്തരം

(എ) 131 ഒഴിവുകൾ ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കുറവുകൾ താൽക്കാലിക നിയമനം വഴി നികത്തി വരുന്നുണ്ട്. എങ്കിലും പി.എസ്.സി. വഴിയുള്ള നിയമനത്തിലെ കാലതാമസം പദ്ധതി പ്രവർത്തനവും ജലവിതരണവും സംബന്ധിച്ചുള്ള പ്രവർത്തനങ്ങളിൽ മാനേജ്മെന്റ് തലത്തിൽ വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്.

(ബി) എഞ്ചിനീയറിംഗ് ബിരുദധാരികൾ മറ്റ് തസ്തികകളിൽ ജോലി നോക്കുന്നുണ്ട്. ഇൻസർവ്വീസ് ക്വാട്ട പ്രകാരം മാറ്റിവച്ചിട്ടുള്ള വേക്കൻസികളിൽ പി.എസ്.സി. വഴി ഇവർക്ക് നിയമനം നേടാനാകും. എന്നാൽ നിയമപ്രകാരമുള്ള വേക്കൻസികളിൽ താൽക്കാലിക നിയമനം നടത്തുന്ന കാര്യം പരിഗണിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. നിയമപ്രകാരമുള്ള പ്രൊമോഷനുകൾ നൽകിവരുന്നുണ്ട്. സർവ്വീസിലുള്ള ബിരുദധാരികളായ ജീവനക്കാർക്ക് മാത്രമായി മാറ്റിവെയ്ക്കപ്പെട്ട ഒഴിവുകളിൽ പി.എസ്.സി. വഴിയും ഇവർക്ക് നിയമനം നേടാം.

(ഡി) ഇൻസർവ്വീസ് ക്വാട്ടയിൽ നിലവിലുള്ള ഒഴിവുകളിൽ നിയമപ്രകാരം താൽക്കാലിക നിയമനം നടത്തുന്ന കാര്യം പരിഗണിച്ചു വരികയാണ്.

(1853) ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ റാങ്ക് ലിസ്റ്റ്

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ അഡ്വൈസ് ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഒഴിവുള്ള വേക്കൻസി റിപ്പോർട്ട് ചെയ്യാൻ ഉണ്ടോ; എങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ അസിസ്റ്റന്റ് എഞ്ചിനീയറുടെ പോസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇറിഗേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ റാങ്ക്‌ലിസ്റ്റ് നിലവിലുണ്ട്. 148 പേരെ ഈ വകുപ്പിലേയ്ക്ക് അഡ്വൈസ് ചെയ്തിട്ടുണ്ട്.

(ബി) നിയമന ഉത്തരവ് കിട്ടിയിട്ടും സർവ്വീസിൽ പ്രവേശിക്കാത്തവരുടെ ആറ് (6) ഒഴിവുകൾ ഉടൻതന്നെ പി.എസ്.സി. റിപ്പോർട്ട് ചെയ്യുന്നതാണ്. മറ്റ് ഒഴിവുകൾ ഒന്നുംതന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനില്ല.

(സി) എല്ലാ ഗ്രാമപഞ്ചായത്തിലും ഇറിഗേഷൻ വകുപ്പിന്റെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തിക ഇപ്പോൾ നിലവിലില്ല. തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലില്ല.

(1854) നദികളുടെയും തോടുകളുടെയും തീരം സംരക്ഷിക്കാൻ നടപടി

ഡോക്ടർ കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരങ്കരി തോടിന്റെ ബ്ലോക്ക് ജെട്ടിമുതൽ പള്ളിജെട്ടിവരെയുള്ള കരകളുടെ സംരക്ഷണം, പുളിങ്കുന്ന് ആശുപത്രി തോടിന്റെ തീരങ്ങളുടെ സംരക്ഷണം, പുളിങ്കുന്നു ആറിന്റെ പടിഞ്ഞാറെ തീരം താലൂക്ക് ആശുപത്രി മുതൽ മാങ്കൊമ്പ് വരെ സംരക്ഷണം, ചങ്ങങ്കരി ആറിന്റെ തീര സംരക്ഷണം, നെടുമുടി കടത്തുമുതൽ ചമ്പക്കുളം സഹകരണ സംഘം വരെ മണിമലയാറിന്റെ കര സംരക്ഷണം, പമ്പാനദിയുടെ പാർശ്വസംരക്ഷണം, രാമൻകരി ജെട്ടി മുതൽ മണലാട്ടിലിലോട് എന്നീ വർക്കുകൾക്ക് ഈ

LIBRARY ARCHIVES Kerala Legislative Assembly